**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1439** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>പ്ലസ് ടു അധ്യാപക തസ്തികയിലേയ്ക്കുള്ള പ്രായപരിധി ഉയർത്തുന്നത് സംബന്ധിച്ച്.</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എം. വിൻസെന്റ്

ശ്രീമതി കെ. കെ. രമ

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. വി. ടി. സൂരജ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് പി. എസ്. സി. വഴിയുള്ള നിയമനങ്ങൾക്ക് അപേക്ഷ സമർപ്പിക്കാവുന്ന ഉയർന്ന പ്രായപരിധി 36 വയസ്സായിരുന്ന എല്ലാ തസ്തികകളുടെയും പ്രായപരിധി 40 വയസ്സായി ഉയർത്തിയെങ്കിലും പ്ലസ് ടു അധ്യാപക തസ്തികയിലേക്ക് അപേക്ഷിക്കാനുള്ള നിലവിലുണ്ടായിരുന്ന ഉയർന്ന പ്രായപരിധിയായ 40 വയസ്സ് വർധിപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ നാല് വർഷത്തെ വർദ്ധനവ് വരുത്തിക്കൊണ്ട് 27-02-2026 തീയതിയിലെ സ.ഉ.(കൈ) നമ്പർ. 8/2026/P&ARD സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ 22-06-2026 തീയതിയിലെ സ.ഉ.(കൈ) നമ്പർ. 109/2026/GEDN പ്രകാരം പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ നാലു വർഷത്തെ വർധനവ് എയ്ഡഡ് സ്കൂൾ അധ്യാപകരുടെയും അനധ്യാപകരുടെയും നിയമനത്തിന് കൂടി ബാധകമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

**(ബി)** പി.എസ്.സി. വഴി പ്ലസ് ടു അധ്യാപക തസ്തികയിലേക്ക് ജോലി പ്രതീക്ഷിച്ചിരിക്കുന്ന നിരവധി ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള ഉയർന്ന പ്രായപരിധി കഴിഞ്ഞതിനാൽ പ്ലസ് ടു അധ്യാപക തസ്തികയിലേക്കു അപേക്ഷ സമർപ്പിക്കുവാനുള്ള ഉയർന്ന പ്രായപരിധി 45 വയസ്സായെങ്കിലും ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ നാല് വർഷത്തെ വർദ്ധനവ് വരുത്തിക്കൊണ്ട് 27-02-2026 തീയതിയിലെ സ.ഉ.(കൈ) നമ്പർ. 8/2026/P&ARD സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ 22-06-2026 തീയതിയിലെ സ.ഉ.(കൈ) നമ്പർ. 109/2026/GEDN പ്രകാരം പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ നാലു വർഷത്തെ വർധനവ് എയ്ഡഡ് സ്കൂൾ അധ്യാപകരുടെയും

അനധ്യാപകരുടെയും നിയമനത്തിന് കൂടി ബാധകമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**